**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2309** **12-02-2024 - ൽ മറുപടിയ്ക്ക്**

**അടിയന്തര ഘട്ടങ്ങളിലുള്ള രോഗികൾക്ക് ഡയാലിസിസ് ചെയ്യാനുള്ള സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ നിന്ന് താലൂക്ക് ആശുപത്രികളിലേയ്ക്ക് റഫർ ചെയ്യുന്ന ഡയാലിസിസ് രോഗികൾക്ക് പ്രസ്തുത ആശുപത്രികളിൽ ഡയാലിസിസിന് രജിസ്റ്റർ ചെയ്യുമ്പോൾ രണ്ടോ മൂന്നോ മാസം കഴിഞ്ഞാണ് ഡയാലിസിസിനുള്ള തീയതികൾ ലഭിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | ഉണ്ട്. കേരളത്തിലെ വിവിധ ആശുപത്രികളിൽ വ്യത്യസ്ത സാഹചര്യമാണ് നിലവിലുള്ളത്. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തിയും, കൂടുതൽ ജീവനക്കാരെ നിയോഗിച്ചും കൂടാതെ ആശുപത്രികളിൽ കൂടുതൽ ഷിഫ്റ്റ് ക്രമീകരിച്ചും കൂടുതൽ രോഗികൾക്കു ഡയാലിസിസ് സൗകര്യം ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) | അടിയന്തര ഘട്ടങ്ങളിൽ രോഗികൾക്ക് ജില്ലാ താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്താൻ കഴിയുമോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. കേരളത്തിലെ വിവിധ ആശുപത്രികളിൽ വ്യത്യസ്ത സാഹചര്യമാണ് നിലവിലുള്ളത്. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തിയും, കൂടുതൽ ജീവനക്കാരെ നിയോഗിച്ചും കൂടാതെ ആശുപത്രികളിൽ കൂടുതൽ ഷിഫ്റ്റ് ക്രമീകരിച്ചും കൂടുതൽ രോഗികൾക്കു ഡയാലിസിസ് സൗകര്യം ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (സി) | കൂടുതൽ ഡയാലിസിസ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. നിലവിൽ ഡയാലിസിസ് യൂണിറ്റ് ഇല്ലാത്ത താലൂക്ക് ആശുപത്രി മുതലുള്ള ആശുപത്രികളിൽ നിലവിലെ ആർദ്രം മാനദണ്ഡപ്രകാരം ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതാണ്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി താലൂക്ക് ആശുപത്രി- നാദാപുരം, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി - പാമ്പാടി എന്നീ ആശുപത്രികളിൽ ഡയാലിസിസ് കേന്ദ്രം സ്ഥാപിക്കുന്നതിന് കെ.എം.എസ്.സി.എൽ-ന് അനുമതി നൽകിയിട്ടുണ്ട്. ഈ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്ന പ്രവർത്തനം അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ